കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മുള്ളൻകൊല്ലി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.(ഡബ്ള്യ.വൈ.ഡി) പി3-574/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്

തീയതി: 05/10/2017.

ഡെപ്യൂട്ടി ഡയറക്ടർ

വയനാട്, വയനാട്.

പ്രസിഡന്റ് ( സെക്രട്ടറി മുഖേന )

മുള്ളൻകൊല്ലി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മുള്ളൻകൊല്ലിഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ്

സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.(ഡബ്ള്യ.വൈ.ഡി).പി3-574 /2017

തിയ്യതി:05/10/2017

വയനാട് ജില്ലയിലെ മുള്ളൻകൊല്ലിഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.4.16 മുതൽ 31.03.2017 തിയ്യതി വരെയുമുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ

അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയുംപരിശോധിച്ചു

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത് . സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | ശ്രീമതി.പി.എസ്.വസന്ത<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 1.8.2017 മുതൽ<br>08.8.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.എം.നവാസ്.<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.കെ.കെ.ബിന്ദു<br>അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ.കെ.വി.മനോഹരൻ<br>സീ.ഗ്രേ.ഓഡിറ്റർ |
| | കുമാരി.ടി.കെ.ലത |

| | |
|---|---|
| | ഓഡിറ്റർ |

(ബി) നിർവഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ഗിരിജ കൃഷ്ണൻ | 1.4.16 മുതൽ 31.3.17വരെ |
| വൈസ് പ്രസിഡന്റ് | ശ്രീ ശിവരാമൻ പാറക്കുഴിയിൽ | 1.4.16 മുതൽ 31.3.17വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ(വികസന കാര്യം) | ശ്രീമതി ജീനാ ഷാജി | 1.4.16 മുതൽ 31.3.17വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ(ക്ഷേമകാര്യം) | ശ്രീമതി നിഷ ശശി | 1.4.16 മുതൽ 31.3.17വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ(ആരോഗ്യം വിദ്യാഭ്യാസം ) | ശ്രീമതി സിസിലി ചെറിയാൻ | 1.4.16 മുതൽ 31.3.17വരെ |
| സെക്രട്ടറി | ശ്രീ പി ജയരാജൻ | 1.4.16 മുതൽ 31.3.17വരെ |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസി .സെക്രട്ടറി | ശ്രീമതി ബീന വർഗ്ഗീസ് | 1.4.16 മുതൽ 31.3.17വരെ |
| മെഡിക്കൽ ഓഫീസർ ( പി എച്ച്. സി) | ഡോ. ആന്റോ അബി ഇല്ലിക്കൽ | 1.4.16 മുതൽ 15.7.16വരെ |
| | ഡോ.അബ്ദുരഹ്മാൻകുട്ടി.വി | 16.7.16 മുതൽ 31.3.17വരെ |
| മെഡിക്കൽഓഫീസർ (ഹോമിയോ) | ഡോ . രഞ്ജിത്ത് ചന്ദ്ര എം | 1.4.16 മുതൽ 31.3.17വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ . ചഞ്ചു എസ് | 1.4.16 മുതൽ 31.3.17വരെ |
| വെറ്ററിനറി സർജൻ | ഡോ . ഹാരിഫ് | 1.4.16 മുതൽ 31.3.17വരെ |
| വി ഇ ഒ | ശ്രീ പി.സാജൻ | 1.4.16 മുതൽ 31.3.17വരെ |

| | | |
|---|---|---|
| | ശ്രീമതി ബി എ ശ്രീലത | 1.4.16 മുതൽ 31.3.17വരെ |
| കൃഷി ഓഫീസർ | ശ്രീമതി നീമ പി.എം | 1.4.16 മുതൽ 27.7.16വരെ |
| | ശ്രീമതി.ഉഷാകുമാരി.പി.ആർ | 28.7.16 മുതൽ 2.2.17വരെ |
| | ശ്രീ.ഫ്രാൻസിസ് ജോസഫ് | 3.2.17 മുതൽ 31.3.17വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി മേരിക്കുട്ടി അബ്രഹാം | 1.4.16 മുതൽ 31.3.17വരെ |
| ടി . ഇ .ഒ | ശ്രീ എ.ജി ഉണ്ണികൃഷ്ണൻ | 1.4.16 മുതൽ 31.3.17വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി .ഒ . എ. ഉദയ | 1.4.16 മുതൽ 31.3.17വരെ |
| അസി .എഞ്ചിനീയർ | ശ്രീമതി .രമ്യ അരവിന്ദ് | 1.4.16 മുതൽ 31.3.17വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം | 1-10 |
| 11 | ഗുണഭോക്തൃതെരഞ്ഞെടുപ്പ് -നടപടികൾ പാലിക്കുന്നില്ല | 1-11 |

| | | |
|---|---|---|
| 12 | ആഭ്യന്തരനിയന്ത്രണം. | 1-12 |
| 13 | വർക്കിംഗ് ഗ്രൂപ്പ് സംഘാടനം കാര്യക്ഷമമല്ല | 1-13 |
| 14 | ഗ്രാമസഭാസംഘാടനം കാര്യക്ഷമമല്ല | 1-14 |
| | ഭാഗം 2- വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 15 | വാർഷികകണക്ക് -അപാകങ്ങൾ | 2-1 |
| 16 | ഡി &ഒ ലൈസൻസ് - മാനദണ്ഡങ്ങൾ പാലിക്കാതെ ലൈസൻസ് നൽകുന്നു | 2-2 |
| | ഭാഗം 3-ചെലവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 17 | വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണസാക്ഷ്യപത്രം ലഭിക്കാത്തത്. | 3-1 |
| 18 | തുടർസാക്ഷരത—അധ്യാപകർക്ക് വികസനഫണ്ടിൽ നിന്ന് ഹോണറേറിയം നൽകി | 3-2 |
| 19 | KMSCL-ൽ നിന്ന് മരുന്ന് ലഭിക്കാൻ താമസം | 3-3 |
| 20 | സഞ്ജീവനി സമഗ്ര ക്യാൻസർ നിർണ്ണയപദ്ധതി-സർവേ റിപ്പോർട്ട് ലഭ്യമല്ല. | 3-4 |
| 21 | പണി തീർത്ത കെട്ടിടങ്ങൾ ഉപയോഗിക്കാത്തത്. | 3-5 |
| 22 | നെല്ലുൽപ്പാദകബോണസ്- നൽകിയ വിവരങ്ങൾ പൂർണ്ണമല്ല | 3-6 |
| 23 | സമഗ്രകരകൃഷിവികസനം -പദ്ധതി നടപ്പാക്കിയതിൽ അപാകങ്ങൾ | 3-7 |
| 24 | നെൽകൃഷി വികസനം -പദ്ധതി നടപ്പാക്കിയതിൽ അപാകങ്ങൾ | 3-8 |
| 25 | സേവ് കബനി റിവർ പ്രോജക്ട് പരാജയപ്പെട്ടു | 3-9 |
| 26 | ഹോംകോയിൽ നിന്നും മരുന്ന് ലഭിക്കാൻ താമസം | 3-10 |
| 27 | ക്ഷീരകർഷകർക്ക് സബ്സിഡി-തുക പൂർണ്ണമായും വിതരണം ചെയ്തില്ല. | 3-11 |
| 28 | തെരുവുനായ നിയന്ത്രണം ,എ.ബി.സി.പ്രോഗ്രാം-വിനിയോഗസാക്ഷ്യപത്രം ഇല്ല. | 3-12 |
| | ഭാഗം 4<br><br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 32 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 4.3.16ലെ 2/2016-ാം തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 13.3.17 ലെ 4/17-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.17 | 30.07.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12731322 രൂപ |
| വരവ് | 82934222 രൂപ |

| | |
|---|---|
| ആകെ | 95665544രൂപ |
| ചെലവ് | 82177270രൂപ |
| നീക്കിയിരിപ്പ് | 13488274രൂപ |

# 1-5 ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | ഫണ്ട് ഇനം | മുൻബാക്കി | തൻവർഷ വരവ് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | വികസന ഫണ്ട് (പൊതു വിഭാഗം) | 0 | 167011570 | 16704570 | 0 |
| 2 | വികസന ഫണ്ട് (ടി.എസ്.പി.) | 0 | 5336348 | 5336348 | 0 |
| 3 | വികസന ഫണ്ട് (എസ്.സി.പി.) | 0 | 2683907 | 2683907 | 0 |
| 4 | ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 7771005 | 7771005 | 0 |
| 5 | ലോക ബാങ്ക് ധനസഹായം | 0 | 1282242 | 1282242 | 0 |
| 6 | സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 7391861 | 7391861 | 0 |
| 7 | സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3636275 | 3636275 | 0 |
| | ആകെ | 0 | | | |

# 1-6 പദ്ധതി അവലോകനം.

ഗ്രാമപഞ്ചായത്ത് തൻവർഷം 139540800 രൂപ അടങ്കൽ തുകയായി 52 സ്പിൽ ഓവർ പ്രോജക്ടുകൾ അടക്കം ആകെ 191 പ്രോജക്ടുകൾ നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഭാഗികമായി തുക ചെലവഴിച്ചതടക്കം പ്രോജക്ടുകൾക്കായി തൻവർഷം 56890091/-രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. അതായത് 40.77% മാത്രമാണ് തൻവർഷത്തെ ആകെ പദ്ധതി ചെലവ്.

പദ്ധതികൾ യഥാവിധം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിലെ വീഴ്ചകൾ കാരണം ഗ്രാമപഞ്ചായത്തിന് സർക്കാർ ഗ്രാന്റ് ഇനത്തിൽ ലഭിച്ച 41528215 /-രൂപ നഷ്ടമായിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ | ഫണ്ട് ഇനം | അലോട്ട്മെന്റ് | ചെലവഴിച്ച | നഷ്ടമായ |
|---|---|---|---|---|

| നമ്പർ | | | തുക | തുക |
|---|---|---|---|---|
| 1 | വികസന ഫണ്ട് (പൊതു വിഭാഗം) | 18419191 | 16758359 | 1660832 |
| 2 | വികസന ഫണ്ട് (ടി.എസ്.പി.) | 7287012 | 5336348 | 1950664 |
| 3 | വികസന ഫണ്ട് (എസ്.സി.പി.) | 3382422 | 2683907 | 698515 |
| 4 | ധനകാര്യ കമ്മീഷൻ അവാർഡ് | 10329183 | 7771005 | 2558181 |
| 5 | ലോക ബാങ്ക് ധനസഹായം | 21865540 | 1282242 | 20583298 |
| 6 | സംരക്ഷണ ഗ്രാന്റ് (റോഡ്) | 20251929 | 7391861 | 12860068 |
| 7 | സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 4852932 | 3636275 | 1216657 |
| | ആകെ | 86388209 | 44859997 | 41528215 |

മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിലാണ് ഏറ്റവും അധികം വീഴ്ചയുണ്ടായിട്ടുള്ളത്. തൻവർഷം 66301229- രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കിയതിൽ 17398872/-രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. തൻവർഷം മരാമത്ത് പ്രവൃത്തികളുടെ 94 പ്രോജക്ടുകളായിരുന്ന നിർവ്വഹണം നടത്താൻ ഉണ്ടായിരുന്നത്. മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ എഞ്ചനീയറിംഗ് വിഭാഗത്തിൽ ഒരു അസി. എഞ്ചിനീയറും ഒരു ഓവർസീയറും മാത്രമാണ് ഉള്ളത്. ദിവസവേതനാടിസ്ഥാനത്തിൽ പോലും ഒരു ക്ലാർക്കിന്റെ സേവനം ലഭ്യമല്ലാത്തത് ഫയലുകൾ യഥാവിധി സൂക്ഷിക്കുന്നതിലും , നോട്ട് ഫയൽ സൂക്ഷിക്കുന്നതിലും വീഴ്ച വരുന്നതിന് കാരണമായിട്ടുണ്ട്.

മെറ്റീരിയൽസ് ലഭ്യമാക്കുന്നതിന് ഉള്ള ബുദ്ധിമുട്ടും പദ്ധതി അംഗീകാരം ലഭിക്കുവാൻ താമസം വന്നതിനാലുമാണ് ചെലവ് കുറയുവാൻ കാരണം എന്നാണ് എൻജിനീയർ അറിയിച്ചത്.

## 1-7 <u>തനത് വരുമാനം.</u>

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം രൂപ കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1860363 | 3512268 | 1651905 | 89 + |
| നികുതിയേതര വരവുകൾ | 471693 | 443450 | (-)28243 | 6.4- |
| മറ്റുവരവുകൾ | 9002832 | 9957406 | 954574 | 10.6+ |
| ആകെ | 11334888 | 13913124 | 2578236 | 22.75% |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസ മുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 32 | 25 | 7 | - |
| 2 | തൊഴിൽ രഹിത വേതനം | 2 | 2 | - | - |
| 3 | വിധവാ പെൻഷൻ | 97 | 91 | 6 | - |
| 4 | വികലാംഗ പെൻഷൻ | 38 | 32 | 6 | - |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2 | 1 | 1 | - |
| 6 | വാർദ്ധക്യകാല പെൻഷൻ | 565 | 453 | 112 | - |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.8.17 ന് 3.35 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20390/-രൂപ( ഇരുപതിനായിരത്തി മുന്നൂറ്റി തൊണ്ണൂറ് ) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു .

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.4.2017 മുതൽ 20 .4.17 വരെ | 10/16-3/17 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.08.2010 മുതൽ 02.09.2010 വരെ | 2005-06 മുതൽ 2009-10 വരെ | 07.10.2010 |

## 1-11 ഗുണഭോക്തൃതെരഞ്ഞെടുപ്പ് -നടപടികൾ പാലിക്കുന്നില്ല

2016-17 വർഷം പഞ്ചായത്ത് നടപ്പാക്കിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ ഗുണഭോക്തൃതെരഞ്ഞെടുപ്പിൽ 1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3, ജി.ഒ.(പി)-220/97/ത.ഭ.വ.2.10.97 എന്നിവ പാലിക്കുന്നില്ല.

ഗ്രാമസഭകൾ മുഖാന്തിരം ആവശ്യമായ പ്രചാരണം നടത്തി മുൻഗണനാക്രമത്തിൽ ഓരോ വാർഡുകളിലും മുൻഗണനാലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് മൊത്തത്തിൽ ഒരു പട്ടിക തയ്യാറാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് യോഗത്തിലാണ് പട്ടിക തയ്യാറാക്കേണ്ടത്. ഗ്രാമപഞ്ചായത്ത് യോഗത്തിൽ പ്രാദേശിക മാധ്യമപ്രവർത്തകർക്കും പൊതുജനങ്ങൾക്കും പ്രവേശനം നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ പട്ടിക കരടായി പ്രസിദ്ധീകരിക്കേണ്ടതും കരട് ലിസ്റ്റിൻ മേൽ ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിച്ച് അന്തിമലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഗ്രാമസഭാ മിനുട്സുകളിൽ എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ച് മുൻഗണനാലിസ്റ്റുകൾ തയ്യാറാക്കിയിട്ടില്ല. ഉദാഹരണമായി സമഗ്ര നെൽ കൃഷി വികസനം പ്രോജക്ടുകൾക്ക് കൃഷിഭവൻ മുഖേന അപേക്ഷ ക്ഷണിക്കുകയും ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുകയുമാണ് ചെയ്തത്. ഈ ലിസ്റ്റ് തുടർന്നുകൂടിയ ഗ്രാമസഭായോഗങ്ങളിൽ അംഗീകരിച്ചിട്ടുമില്ല.

## 1-12 ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം ഫലപ്രദമായി നടക്കുന്നില്ല. വിശദവിവരങ്ങൾ ചുവടെചേർക്കുന്നു.

1. ഇൻക്രിമെന്റ് രജിസ്റ്റർ എഴുതി പൂർത്തിയാക്കിയിട്ടില്ല.

2.മൂൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

4.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 2016-17 സാമ്പത്തിക വർഷം പഞ്ചായത്ത് വാങ്ങിയ പല ആസ്തികളുടെയും വിവരം ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. എസ്.എസ്.എ മുഖേനയും മറ്റും സ്കൂളുകളിൽ നടത്തിയിട്ടുള്ള നിർമ്മാണപ്രവൃത്തികളുടെ വിവരങ്ങൾ, നിർവഹണ ഉദ്യോഗസ്ഥർ സമാഹരിക്കുന്ന ആസ്തികളുടെ വിവരങ്ങൾ എന്നിവ ചേർക്കുന്നില്ല.

## 1-13 വർക്കിംഗ് ഗ്രൂപ്പ് സംഘാടനം കാര്യക്ഷമമല്ല.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണമാർഗ്ഗരേഖ ജി.ഒ (.എം.എസ്)4/16 തസ്വഭവ 11/12/2016 പ്രകാരം പങ്കാളിത്ത ആസൂത്രണത്തിൽ സമഗ്രവികസനം മുന്നിൽകണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളിലാണ്. 13 വർക്കിംഗ് ഗ്രൂപ്പുകൾ പഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ടെങ്കിലും

തൻവർഷം വർക്കിംഗ് ഗ്രൂപ്പുകൾ മൂന്ന് തവണ മാത്രമാണ് യോഗം ചേർന്നത്. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല .നടപ്പുപദ്ധതിപ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.പദ്ധതി നടത്തിപ്പ് മോണിട്ടർ ചെയ്തിട്ടില്ല. മുൻവർഷങ്ങളിലും തൻവർഷവും യോഗം ചേർന്നതിന്റെ വ്രക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ എഴുതിപൂർത്തീകരിച്ചില്ല.യോഗങ്ങളിൽ ഒപ്പുമാത്രം രേഖപ്പെടുത്തി പേജുകൾ ഒഴിച്ചിട്ടിരിക്കുന്നു.

പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും തയ്യാറാക്കുന്നതിലും നടപ്പാക്കുന്നതിലും മോണിട്ടർ ചെയ്യുന്നതിലും പ്രധാനപങ്കാളിത്തം വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കാതെ പദ്ധതികൾ രൂപീകരിക്കുന്നത് ക്രമപ്രകാരമല്ല. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി വർക്കിംഗ് ഗ്രൂപ്പുകൾ സംഘടിപ്പിക്കാതെ പദ്ധതികൾ നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ഗ്രാമസഭാസംഘാടനം കാര്യക്ഷമമല്ല.

പഞ്ചായത്തിലെ ഗ്രാമസഭാമിനുട്സുകൾ പരിശോധിച്ചതിൽ ഗ്രാമസഭകൾ സംഘടിപ്പിക്കുന്നതിൽ ചില വീഴ്ചകൾ വന്നത് ശ്രദ്ധയിൽപ്പെട്ടു. ഗ്രാമസഭായോഗങ്ങളിൽ ചെയ്യേണ്ട പല കാര്യങ്ങളും ചെയ്തതായിക്കാണുന്നില്ല. മുൻവർഷത്തെ വരവു ചെലവുകണക്കുകൾ അംഗീകരിക്കുന്നില്ല. ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ച ചെയ്യുന്നില്ല. പദ്ധതിനടത്തിപ്പ് മോണിട്ടർ ചെയ്യുന്നില്ല. ഗ്രാമസഭകളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്ക് -അപാകതകൾ

2016-17 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് ചട്ടം 58 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല
2. സെക്രട്ടറി ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
3. ആസ്തി രജിസ്റ്റർ സർക്കാർ ഉത്തരവ് പ്രകാരം തയ്യാറാക്കി പൂർത്തിയാക്കിയിട്ടില്ല.
4. ICDS, തുടങ്ങി പ്രത്യേകാവശ്യങ്ങൾക്ക് നൽകിയ തുക തനത് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. സ്റ്റേറ്റ്മെന്റ് പ്രകാരം തനത് ഫണ്ടിന്റെ നീക്കിയിരിപ്പ് തുക എത്രയെന്ന് കൃത്യമായി കണക്കാക്കുന്നതിന് സാധിച്ചിട്ടില്ല.
5. നിർവ്വഹണ ഉദ്യോഗസ്ഥൻമാർ മുഖേന പിരിച്ചെടുക്കുന്ന വാറ്റ്/ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
6. വസ്തുനികുതി തന്നാണ്ട് ,കുടിശ്ശിക കണക്കുകൾ സാംഖ്യ , സഞ്ചയ സോഫ്റ്റ് വെയറിൽ കളക്ഷൻ ,ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല. ആയതിനാൽ യഥാർത്ഥത്തിൽ പിരിച്ചെടുക്കാൻ ബാക്കിയുള്ള തുകയുടെ ആധികാരികത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.
7. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം എഴുതി പൂർത്തികരിച്ചിട്ടില്ല.
8. വസ്തു നികുതി സഞ്ചയ സ്ഫോറ്റവെയറിലെ കണക്കും സാംഖ്യയിലെ കണക്കും പൊരുത്തപ്പെടുന്നില്ല.
9. സ്പെഷൽ ടി.എസ്.ബിയിൽ സൂക്ഷിച്ച സ്ഥിര നിക്ഷേപ തുക 274120/- പുതുക്കിയിട്ടില്ല.
10. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 2010-11 വർഷത്തെ ഡെപ്പോസിറ്റ് തുകയുണ്ടെങ്കിലും 3 വർഷം കഴിഞ്ഞ തുകകൾ ക്രമീകരിച്ചിട്ടില്ല.
11. വാർഷിക കണക്ക് പ്രകാരം അഡ്വാൻസ് തുക ഉണ്ടെങ്കിലും അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

12. വികസന ഫണ്ട് (ജനറൽ) വാർഷിക കണക്ക് പ്രകാരം 16704570/- രൂപയും എ.സി.ആർ പ്രകാരം 16758359/- രൂപയും ആണ് വ്യത്യാസം 53789/- രൂപയാണ്. വ്യത്യാസത്തിന് കാരണം വ്യക്തമല്ല.

13 .സാംഖ്യയും ബഡ്ജറ്റ് തമ്മിൽ ലിങ്ക് ചെയ്തിട്ടില്ല.

14.മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ സാംഖ്യ ആരംഭിച്ച വർഷത്തിൽ ഓപ്പണിംഗ് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്താത്ത മുഴുവൻ ആസ്തിബാധ്യതകളും കൈമാറിയ കിട്ടിയ സ്ഥാപനങ്ങൾ ഉൾപ്പെടെ സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.

15.വസ്തുനികുതി അധികമായി പിരിച്ചെടുത്തത് തുടർ വർഷങ്ങളിൽ ക്രമീകരിക്കുന്നതിന് സഞ്ചയ/സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയാക്കിയിട്ടില്ല

16.'ട്രഷറിയിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥർ വ്യക്തിഗത ഗുണഭോക്താക്കൾക്കായി മാറുന്ന അലോട്ട്മെന്റുകൾ ഗുണഭേക്താക്കൾക്ക് നൽകാനായി ആരംഭിച്ച ബ്രിഡ്ജ് അക്കൗണ്ടിൽ 31.03.2017നീക്കിയിരിപ്പ് തുകയുടെ വിശദവിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | നീക്കിയിരിപ്പ് തുക |
|---|---|
| ഹെഡ്മാസ്റ്റർ | 4196 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ | 2,31,202 |
| വെറ്ററിനറി സർജൻ | 31523 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 38634 |

17.ടെണ്ടർ ഫോം വിതരണയിനത്തിൽ 66120/- രൂപ ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടുണ്ടെങ്കിലും ടെണ്ടർ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 12 /16-17/05.08.2017 പ്രകാരം ഓഡിറ്റ് പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 2-2 ഡി.ആന്റ്.ഒ-ലൈസൻസ് .മാനദണ്ഡങ്ങൾ പാലിക്കാതെ ലൈസൻസ് നൽകുന്നു-

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ2016-17വർഷത്തിൽ ഡി.ആന്റ്.ഒ-ലൈസൻസ് അനുവദിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1.ഡി.ആന്റ്.ഒ-ലൈസൻസ് ലഭിക്കുന്നതിന് വേണ്ടി സ്ഥാപന ഉടമകൾ സമർപ്പിച്ച അപേക്ഷകൾ പലതും അപൂർണ്ണവും ആവശ്യമായ വിവരങ്ങൾ ഇല്ലാത്തതുമാണ്.

2. ഒരു ദിവസത്തെ വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കണമെന്നിരിക്കെ പല അപേക്ഷകരും ഒരു ദിവസത്തെ വിറ്റ് വരവ് കാണിക്കാതെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ അപേക്ഷയിൽ എങ്ങിനെ ലൈസൻസ് ഫീ ഈടാക്കിയെന്ന് വ്യക്തമല്ല.

ഉദാഹരണങ്ങൾ താഴെ നൽകുന്നു.

| ക്രമനം | അപേക്ഷകന്റെ പേര് | സ്ഥാപനം | അപേക്ഷ തിയ്യതി | ലൈസൻസ് നൽകിയ തിയ്യതി | ഈടാക്കിയ തിയ്യതിതുക |
|---|---|---|---|---|---|
| 1 | ബെന്നി.ടി.അലക്സ് | മലഞ്ചരക്ക് വ്യാപാരം | 29.1.16 | 4.4.2016 | 100/. 4.4.2016 |
| 2. | ശ്രീകുമാർ | ഹാർഡ് വെയർഷോപ്പ്. | 29.1.16 | 29.04.16 | 100/. 29.04.16 |
| 3. | കെ.കെ.ശിവാനന്ദൻ | സ്റ്റുഡിയോ. | 29.4.16 | 29.4.16 | 100/. 29.04.16 |
| 4. | ടോമി എബ്രഹാം | പലചരക്ക,സ്റ്റേഷനറി | 24.2.16 | 13.6.16 | 100/ 13.6.16 |
| 5. | അനിഷ്.പി.എ | മൊബൈൽഷോപ്പ | 21.6.16 | 23.6.16 | 100/23.6. |
| | | | | | ം |

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 5,7എന്നിവയിലെ മാനദണ്ഡങ്ങൾ പാലിക്കാതെ ലൈസൻസ് നൽകിയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 14/2016-17തീയ്യതി 7.8.2017 നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഡി.ആന്റ് ഒ ലൈസൻസ് നല്കുന്നതിലെ ജാഗ്രതക്കുറവ് ഓഡിറ്റ് ഗൗരവമായി നിരീക്ഷിക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭിക്കാത്തത്.

1. 2016-17 വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകൾ സംബന്ധിച്ച്;-

വിവിധ ഏജൻസികളിൽ നിന്നും വിനിയോഗസാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം/ തുക കൈപ്പറ്റിയതിന്റെ രശീതി എന്നിവ ലഭിക്കാത്തതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ/വൌച്ചർനം/തീയതി | പ്രവൃത്തി/ആവശ്യം | തുക | തുക കൈപ്പറ്റിയ |
|---|---|---|---|

| | | | |
|---|---|---|---|
| | | | ഏജൻസി |
| DDno 620336/1.12.16 | SSA share | 605540 | SSA project officer wayanad |
| Bill noA2/10/16 28.2.17 | SSA share | 748186 | SSA project officer wayanad |
| Ddno 620390/ 20.12.16 | IKM share | 166760 | IKM |
| Bill no 26/16-17 22.2.17 | PMAY share(SCP) | 20000 | panamaram block panchayath |
| Bill no 27/16-17 22.2.17 | PMAY share(TSP) | 357500 | panamaram block panchayath |
| Bill no 22/16-17 22.2.17 | PMAY share(general) | 220000 | panamaram block panchayath |
| Bill no 30/16-17 28.2.17 | IAY share(SC) | 187500 | panamaram block panchayath |

വിവിധ ഏജൻസികളിൽ നിന്നും വിനിയോഗസാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

2) 2016-17 വർഷത്തിൽ അസി.സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി വിവിധ വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകൾ സംബന്ധിച്ച്:-
വിവിധ ഏജൻസികളിൽ നിന്നും വിനിയോഗസാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം/ തുക കൈപ്പറ്റിയതിന്റെ രശീതി എന്നിവ ലഭിക്കാത്തതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ/വൌച്ചർനം/തീയതി | പ്രവൃത്തി/ആവശ്യം | തുക | തുക കൈപ്പറ്റിയ ഏജൻസി |
|---|---|---|---|
| 21/31.3.17 | ST house electrification | 200000 | Exe Engineer, KSEB elecrical division mananthavady |
| 15/ 31.3.17 | Sankaralayam pipe line extension | 160000 | Exe Engineer, KWA division bathery |

വിവിധ ഏജൻസികളിൽ നിന്നും വിനിയോഗസാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-2 തുടർ സാക്ഷരതഅധ്യാപകർക്ക് വികസന ഫണ്ടിൽ

നിന്നും ഹോണറേറിയം നൽകി.

പ്രോജക്ട് നം 74/2017(തുടർ സാക്ഷരത)

അടങ്കൽ - 75000/- (വികസന ഫണ്ട്)

ചെലവ് - 75000/- (ബിൽ നം.6/16-17/28/3/2017)

നിർവ്വഹണം ഹെഡ് മാസ്റ്റർ

മേൽ പദ്ധതിയിൽ ഏഴാം തരം, പത്താം തരം തുല്യത പരീക്ഷാ പഠിതാക്കൾക്ക് ക്ലാസെടുത്ത അധ്യാപകർക്ക് ഹോണറേറിയം നൽകിയിട്ടുണ്ട്.

വികസനഫണ്ടിൽ നിന്നും സാക്ഷരതഅധ്യാപകർക്ക് ഹോണറേറിയം നൽകാൻ പാടില്ല. തുടർ സാക്ഷരത പഠന ഉപകരണങ്ങൾ, പുസ്തകം, കോഴ്സ് ഫീ എന്നിവക്ക് വേണ്ടി മാത്രമേ വികസനഫണ്ടിൽ നിന്നും പണം ചെലവഴിക്കാവൂ. ക്ലാസ്സെടുക്കുന്നതിന് സാക്ഷരതാ മിഷനിൽ നിന്നും ഹോണറേറിയം നൽകി വരുന്നുണ്ട്.

## 3-3 കെ.എം.സി.എല്ലിൽ നിന്നും - മരുന്ന് ലഭിക്കാൻ കാലതാമസം -67361/രൂപയുടെ തടസ്സം

1. പ്രോജക്ട് നമ്പർ- S0055/17

പ്രോജക്ട് - പെയിൻ ആന്റ് പാലിയേറ്റീവ് കെയർ

നിർവഹണം-മെഡിക്കൽ ഓഫീസർ (പി.എച്ച്.സി )

അടങ്കൽ- 4,00,0000/-രൂപ

ഫണ്ടിനം - പൊതുഅവശ്യഗ്രാന്റ് (സാധാരണവിഹിതം )

ചെലവ് - 4,00,0000/-രൂപ

2016-17 സാമ്പത്തിക വർഷം പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പ് അനുബന്ധമായി പെയിൻ ആന്റ് പാലിയേറ്റീവ് രോഗികൾക്കായി പെർഫോർമ ഇൻവോയിസ് 2717,3423 പ്രകാരം കേരള മെഡിക്കൽ സർവ്വീസ്സ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും 85710/- രൂപയുടെ മരുന്ന് വാങ്ങുന്നതിനായി 22.03.2017 ലെ 6/16-17 നമ്പർ ബിൽ പ്രകാരം 85710/- രൂപ ട്രഷറിയിൽ നിന്നും പിൻവലിക്കുകയും, മാനേജർ കേരള മെഡിക്കൽ സർവ്വീസ്സ് കോർപ്പറേഷൻ ലിമിറ്റഡ് ,തിരുവന്തപുരം എന്ന സ്ഥാപനത്തിന്റെ പഞ്ചാബ് നാഷണൽ ബാങ്കിലെ 1819 നമ്പർ അക്കൌണ്ടിലേക്ക് NEFT വഴി തുക കൈമാറ്റം ചെയ്യുകയും മേൽ സ്ഥാപനം 23.03.2017 ലെ 4140,4141 എന്നീ നമ്പറുകൾ പ്രകാരം 20618/-, 65092/-ആകെ 85710/- രൂപയുടെ കൈപ്പറ്റ് രസീത് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ പെർഫോർമ ഇൻവോയിസ് 2717ലെ 18349/-രൂപയുടെ പെയിൻ ആന്റ് പാലിയേറ്റീവ് മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. ബാക്കിയുള്ള 67361/- രൂപയുടെ മരുന്ന് ലഭ്യമാക്കി , സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് രജിസ്റ്റർ സഹിതം ഓഡിറ്റിനെ

അറിയിക്കേണ്ടതും, കാലതാമസത്തിനുള്ള കാരണം ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്.

2. പ്രോജക്റ്റ് നമ്പർ- s0067/17

പ്രോജക്ട് - പി.എച്ച.സിയ്ക്ക് അടിയന്തര ഘട്ടങ്ങളിൽ മരുന്ന് വാങ്ങൽ

നിർവ്വഹണം-മെഡിക്കൽ ഓഫീസർ (പി.എച്ച്.സി )

അടങ്കൽ- 1,00,000/-രൂപ

ഫണ്ടിനം - പൊതുഅവശ്യഗ്രാന്റ് (സാധാരണവിഹിതം )

ചെലവ് - 1,00,000/-രൂപ

ബിൽ നം.05/16-17 തീയതി 21.03.2017

2016-17 സാമ്പത്തിക വർഷം പി.എച്ച്.സിയ്ക്ക് അടിയന്തര ഘട്ടങ്ങളിൽ മരുന്ന് വാങ്ങൽ പദ്ധതി നടത്തിപ്പിനായി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 1,00,000/-രൂപ 21.03.2017 തീയതിയിലെ 05/16-17 ബിൽ പ്രകാരം മാറി UTR No U0000000194543032 പ്രകാരം 01/02/2017 ലേയും 08.03.2017ലേയും 23/2017നമ്പർ ഇൻഡന്റ് പ്രകാരം യഥാക്രമം 14821/- രൂപയുടെയും 85179/-രൂപയുടെയും (ആകെ 1,00,000/-രൂപ) മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ്സ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകുകയും കൈപ്പറ്റ് രശീതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല.

മേൽ അപാകതകൾ ചൂണ്ടികാണിച്ച് നൽകിയ 10/16-17 /05.08.2017 ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. രണ്ട് പദ്ധതികളിലുമായി 167362/-രൂപ തടസ്സപ്പെടുത്തുന്നു. അവശ്യ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിതരണം നടത്തേണ്ടതും പദ്ധതി നടത്തിപ്പിനുള്ള കാലാതാമസത്തിന് കാരണവും വ്യക്തമാക്കി 67361/- (67361+100000) രൂപയുടെ തടസ്സം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 സഞ്ജീവനി സമഗ്ര ക്യാൻസർ നിർണ്ണയ പദ്ധതി - സർവ്വേ റിപ്പോർട്ട് ലഭ്യമല്ല.

പ്രോജക്റ്റ് നമ്പർ- s0211/17

പ്രോജക്ട് - സഞ്ജീവനി സമഗ്ര ക്യാൻസർ നിർണ്ണയ പദ്ധതി

നിർവ്വഹണം-മെഡിക്കൽ ഓഫീസർ (പി.എച്ച്.സി )

അടങ്കൽ- 75,000/-രൂപ

ഫണ്ടിനം - പൊതുഅവശ്യഗ്രാന്റ് (സാധാരണവിഹിതം )

ചെലവ് - 58,640/--രൂപ

ബിൽ നം.09/16-17 തീയതി 30.03.2017

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷം ആശാവർക്കർമാരും,

കുടുംബശ്രീ അംഗങ്ങളും ചേർന്ന് 18 വാർഡുകളിലായി രോഗലക്ഷണ നിർണ്ണയ സർവ്വേ നടത്തിയ വകയിൽ മെഡിക്കൽ ഓഫീസറുടെ മാർച്ച് മാസത്തെ 445/16-17 മുതൽ 463/16-17 വൗച്ചറുകളിലായി ഒരു കുടുബം സർവ്വേ നടത്തുന്നതിന് 10/- രൂപാ നിരക്കിൽ 56,640/- രൂപയും മെഡിക്കൽ ക്യാമ്പിന് ടേബിളിന് 2000/-രൂപയും ഉൾപ്പടെ 58,640/--രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ സർവ്വേ നടത്തിയിട്ടുണ്ടെന്ന് പറയുന്നുണ്ടെങ്കിലും സർവ്വേ റിപ്പോർട്ട് ലഭ്യമല്ല. മേൽ അപാകതകൾ ചൂണ്ടികാണിച്ച് നൽകിയ 10/16-17 /05.08.2017 ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല സർവ്വേ റിപ്പോർട്ടും നിരക്ക് നിർണ്ണയിച്ചതിനുള്ള തെളിവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. സർവ്വേ റിപ്പോർട്ട് ലഭ്യമല്ലാത്തത് കൊണ്ട് 58,640/--രൂപ തടസ്സപ്പെടുത്തുന്നു.സർവ്വേ റിപ്പോർട്ട് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 പണി തീർത്ത കെട്ടിടങ്ങൾ ഉപയോഗിക്കാത്തത്-

താഴെപ്പറയുന്ന കെട്ടിടങ്ങൾ 2016-17 വർഷം പണിതീർന്നിട്ടുണ്ടെങ്കിലും നാളിതുവരെയും പദ്ധതി ആസൂത്രണത്തിൽ പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിച്ചില്ല.

1. പാടിച്ചിറ വെറ്റിനറി ഡിസ്പൻസറിക്ക് മുകൾനില പണിയൽ

പ്രോജക്ട് നമ്പർ-145/17

പ്രോജക്ട്-പാടിച്ചിറ വെറ്റിനറി ഡിസ്പൻസറിക്ക് മുകൾനില പണിയൽ

നിർവഹണം- അസി.എൻജിനീയർ

അടങ്കൽ-1000000
ഫണ്ട് – മെയിൻറനൻസ് ഫണ്ട് (റോഡിതരം)

കരാറുകാരൻ -റെജി.പി.എസ്

എഗ്രിമെന്റ് നമ്പർ-2/16-17/4.10.16

വൌച്ചർ നമ്പർ-1/8/16-17/20.2.17 -913355

3.8.2017 ന് നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടം നല്ലരീതിയിൽ പണി തീർത്തിട്ടുണ്ടെങ്കിലും നിലവിൽ യാതൊന്നിനും ഉപയോഗിക്കുന്നില്ല എന്ന് കണ്ടു.

2. ബി.ആർ.സി .സെന്റർ നിർമ്മാണം

പ്രോജക്ട് നമ്പർ-173/17

പ്രോജക്ട്-ബി.ആർ.സി .സെന്റർ നിർമ്മാണം

നിർവഹണം- അസി.എൻജിനീയർ

അടങ്കൽ - 4000000/-
ഫണ്ട് – ധനകാര്യ കമ്മീഷൻ തുക

ആകെ ചെലവ് -2983140

വൌച്ചർ നമ്പർ-13/3/16-17/29.3.17 -1978614

പഞ്ചായത്തിലെ ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് വേണ്ടിയാണ് കെട്ടിടം പണിയുന്നതിന് പ്രോജക്ട് തയ്യാറാക്കിയത്. 3.8.2017 ന് നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടം നല്ലരീതിയിൽ പണി തീർത്തിട്ടുണ്ട്. കൂടാതെ സ്ഥാപനത്തിലേക്ക് 198455/- രൂപക്ക് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി ഫർണിച്ചർ വാങ്ങി. ഫർണിച്ചർ സ്റ്റോക്ക് ചെയ്തിട്ടുണ്ട്. നിലവിൽ യാതൊന്നിനും ഉപയോഗിക്കുന്നില്ല .

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി - 13/16-17 /7.8.2017 ന് മറുപടി നൽകിയിട്ടില്ല.കെട്ടിടങ്ങൾ ഉപയോഗക്ഷമമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 നെല്ലുൽപ്പാദകബോണസ്- നൽകിയ വിവരങ്ങൾ പൂർണ്ണമല്ല.

ചെലവഴിച്ച തുക- 430536 തുക

ട്രഷറി ബിൽ നമ്പർ-35/16-17/30.3.17 -200536

ട്രഷറി ബിൽ നമ്പർ-36/16-17/30.3.17 -230000

സെക്രട്ടറി തുക ട്രഷറിയിൽ നിന്ന് പിൻവലിച്ച് കൃഷി ഓഫീസർക്ക് നൽകി. എന്നാൽ

തുകകൾ ഗുണഭോക്താക്കളുടെ അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്തു എന്നുള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ഓഡിറ്റ് എൻക്വയറി - 06/16-17 /4.8.2017 പ്രകാരം വിവരങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.430536 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 സമഗ്ര കരകൃഷി വികസനം - പദ്ധതി നടപ്പാക്കിയതിൽ അപാകങ്ങൾ

പ്രോജക്ട് നമ്പർ-122/17

പ്രോജക്ട്-സമഗ്ര കരകൃഷി വികസനം- നീറ്റുകക്ക വിതരണം

നിർവഹണം- അഗ്രികൾച്ചർ ഓഫീസർ

അടങ്കൽ- 800000

ചെലവഴിച്ച തുക-800000 തുക

ട്രഷറി ബിൽ നമ്പർ-2/16-17/30.3.17 -500000

ട്രഷറി ബിൽ നമ്പർ-3/16-17/30.3.17 -300000

മുള്ളൻകൊല്ലി റബ്ബർ & അഗ്രികൾച്ചറൽ സൊസൈറ്റി മുഖേനയാണ് വിതരണം ചെയ്തത്. 25 % ഗുണഭോക്തൃവിഹിതം സൊസൈറ്റിയിൽ അടച്ച് കുമ്മായം കൈപ്പറ്റുമ്പോൾ 75% സബ്സിഡി

ഗുണഭോക്താക്കളുടെ അക്കൌണ്ടിൽ നൽകുകയാണ് പ്രോജക്ടിന്റെ ലക്ഷ്യം. പദ്ധതിനടത്തിപ്പിൽ താഴെപ്പറയുന്ന അപാകങ്ങൾ വന്നിട്ടുണ്ട്.

തുകകൾ ഗുണഭോക്താക്കളുടെ അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്തു എന്നുള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ടെണ്ടർ നടപടികൾ പാലിച്ച് ,പരസ്യടെണ്ടർ മുഖേന വാങ്ങുന്നതിന് പകരം സൊസൈറ്റി മുഖേന വാങ്ങിയത് ശരിയല്ല.ജി.ഒ.ആർ.ടി 3299/2016 ത.സ്വ.ഭ.വ.2.12.2016 പ്രകാരം ഇത്തരം സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്ന സാധനങ്ങൾ ഒഴികെയുള്ളവ പരസ്യടെണ്ടർ മുഖേനയാണ് വാങ്ങേണ്ടത്.

ഓഡിറ്റ് എൻക്വയറി - 05/16-17 /4.8.2017 പ്രകാരം വിവരങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയില്ല.800000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-8 നെൽകൃഷി വികസനം - പദ്ധതി നടപ്പാക്കിയതിൽ അപാകങ്ങൾ

ഗ്രാമപഞ്ചായത്ത്, ജില്ലാപഞ്ചായത്ത് വിഹിതങ്ങൾ സംയോജിപ്പിച്ച് നടപ്പാക്കിയ പദ്ധതിയിൽ ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി.

പ്രോജക്ട് നമ്പർ - 130/17

പ്രോജക്ട് - നെൽകൃഷി വികസനം

നിർവഹണം - അഗ്രികൾച്ചർ ഓഫീസർ

അടങ്കൽ - 750000

500000/- രൂപ പഞ്ചായത്ത് ഫണ്ടും 125000 രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതവും 125000 രൂപ ജില്ലാപഞ്ചായത്ത് വിഹിതവും ഉൾപ്പെടെ 750000 രൂപ ആണ് പദ്ധതിക്ക് വകയിരുത്തിയത്. ട്രഷറിബിൽ നമ്പർ 1/16-17/13.3.17 പ്രകാരം 500000 രൂപ പഞ്ചായത്ത് ഫണ്ട് പിൻവലിച്ചു.ചെക്ക് നമ്പർ 762161/31.3.17 പ്രകാരം ജില്ലാപഞ്ചായത്ത് വിഹിതം 601608 രൂപ സെക്രട്ടറി കൃഷി ഓഫീസർക്ക് നൽകി .ആകെ ഈ പദ്ധതിക്ക് ചെലവഴിച്ച തുക 1101608 രൂപ.

പദ്ധതിനടത്തിപ്പിൽ താഴെപ്പറയുന്ന അപാകങ്ങൾ വന്നിട്ടുണ്ട്.

1. ഗുണഭോക്താക്കളെ ഗ്രാമസഭയിൽ തെരഞ്ഞെടുത്തിട്ടില്ല.
2. തുകകൾ ഗുണഭോക്താക്കളുടെ അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്തു എന്നുള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.
3. 750000 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും പദ്ധതിക്ക് ചെലവഴിച്ചത് 1101608 രൂപയാണ്. എന്നാൽ പ്രോജക്ട് റിവൈസ് ചെയ്തിട്ടില്ല.

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3, ജി.ഒ.പി.220/97/ത.ഭ.വ. 2.10.97 പ്രകാരം ഗ്രാമസഭ മുഖാന്തിരം അല്ലാതെ ഗുണഭോക്തൃതെരഞ്ഞെടുപ്പ് നടത്താൻ പാടില്ല.ഗ്രാമസഭയിൽ തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയത് അംഗീകരിക്കാനാവില്ല. ഓഡിറ്റ് എൻക്വയറി - 04/16-17 /3.8.2017 പ്രകാരം വിവരങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.1101608 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 സേവ് കബനി റിവർ പ്രോജക്ട് -പരാജയപ്പെട്ടു.

വയനാട് ജില്ലയിൽ ഏറ്റവും കൂടുതൽ വരൾച്ച നേരിടുന്ന മുള്ളൻകൊല്ലി പഞ്ചായത്തിൽ വരൾച്ച തടയുന്നതിന്റെ ഭാഗമായി, മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെയും കേരളനദീതീരസംരക്ഷണസമിതിയുടെയും വിവിധസർക്കാർ സ്ഥാപനങ്ങളുടെയും ഉപദേശമനുസരിച്ച്, 20000 -ത്തോളം വൃക്ഷത്തൈകൾ വെച്ചുപിടിപ്പിക്കുന്നതിനാണ് സേവ് കബനി റിവർ പ്രോജക്ടിൽ ലക്ഷ്യമിട്ടത്.

ഇത് പ്രകാരം 2016-17 വർഷം ഓർമ്മമരം പദ്ധതി,Save Kabani River Project ന് വേണ്ടി ജില്ലാകളക്ടറുടെ ടി.എസ്.ബി അക്കൌണ്ടിൽ നിന്ന് 207572 രൂപ (ദേശീയ ദുരന്തനിവാരണഫണ്ട്) അനുവദിക്കുകയും ചെലവഴിക്കുകയും ചെയ്തു . മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് പദ്ധതിയുടെ നിർവഹണ ഏജൻസി 2016 ജൂൺ 5ന്, ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ബഹു. കേരള ധനകാര്യവകുപ്പ് മന്ത്രി ശ്രീ.തോമസ് ഐസക് പങ്കെടുത്ത ഈ പരിപാടിയിൽ 20000 വൃക്ഷത്തൈകൾ നടുകയും കബനിനദീതീരത്ത് നട്ട വൃക്ഷത്തൈകൾ സംരക്ഷിക്കുന്നതിന് 200 കോൺക്രീറ്റ് പോളുകളും 2927 കിലോ മുള്ളുകമ്പിയും ഉപയോഗിച്ച് സംരക്ഷണവേലി നിർമ്മിക്കുകയും ചെയ്തു.കൂടാതെ തൈകളുടെ സംരക്ഷണത്തിനായി, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ നിന്ന് 122010 രൂപ ചെലവഴിച്ച് തൈകളുടെ ചുവടുകൾ കിളച്ചു. പിന്നീട് തുടർനടപടികൾ സ്വീകരിച്ചില്ല. തുക അനുവദിച്ചുകൊണ്ടുള്ള ജില്ലാകളക്ടറുടെ ഉത്തരവിൽ തന്നെ പറയുന്നത് നടുന്ന തൈകളുടെ തുടർപരിചരണം മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് നടത്തണമെന്നാണ്. എന്നാൽ 3.8.2017 തീയതിയിൽ നടത്തിയ സ്ഥലപരിശോധനയിൽ ഇത്രയും തുക ചെലവഴിച്ച് നട്ട തൈകളിൽ അഞ്ചു തൈകൾ മാത്രം അവശേഷിക്കുന്നതാണ് കണ്ടത്. കൂടാതെ വേലി കുറെ ഭാഗം തകർന്നുപോയിട്ടുണ്ട്. വേലി കെട്ടി സംരക്ഷിച്ച ഭാഗം മുഴുവനും കാട്ടുമൂടി കിടക്കുന്നു.ഒരു മഹത്തായ സംരംഭം തുടർപരിചരണംനടത്താതെ നഷ്ടപ്പെടുത്തിയത് ഉചിതമല്ല. ഓഡിറ്റ് എൻക്വയറി - 09/16-17 /5.8.2017 പ്രകാരം വിവരങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ മുൻകൂട്ടി തയ്യാറെടുപ്പുകൾ കൂടാതെ ഒരു ബൃഹദ്പദ്ധതി ഏറ്റെടുക്കേണ്ടിവന്നതിനാലും രൂക്ഷമായ വരൾച്ച കാരണം ജലസേചനം നടത്താൻ കഴിയാതിരുന്നതിനാലുമാണ് തൈകൾ നശിച്ചത് എന്നറിയിച്ചു.

ഇത് ശരിയല്ല. നട്ടതൈകൾ കബനിയുടെ തീരത്താണ്, ആയതിനാൽ ജലസേചനം ഒരു പ്രശ്നമല്ല. തൊഴിലുറപ്പുപദ്ധതിയിൽ തുടർപരിചരണം നടത്താൻ നടപടികൾ സ്വീകരിക്കാമായിരുന്നു. ഇപ്പോഴും തൊഴിലുറപ്പുപദ്ധതിയിൽ അടുത്ത പ്രദേശങ്ങളിൽ തൈകൾ നടുന്നുമുണ്ട്. നട്ട തൈകൾ സംരക്ഷിക്കാതെ നശിച്ചത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. പ്രസ്തുത നിമസനത്തിലേയ്ക്ക് അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-10 ഹോംകോയിൽ നിന്നും മരുന്ന് ലഭിക്കാൻ കാലതാമസം

പ്രോജക്ട് നമ്പർ-73/17

പ്രോജക്ട് - ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

നിർവഹണം - മെഡിക്കൽ ഓഫീസർ (ഹോമിയോ)

അടങ്കൽ - 100000

ഫണ്ട് – മെയിൻറനൻസ് ഫണ്ട് (റോഡിതരം)

2016-17 വർഷം ഹോംകോയിൽ നിന്നും ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയ്ക്കായി 100000 രൂപ ട്രഷറിയിൽ നിന്നും ട്രഷറി ബിൽനമ്പർ-1/16-17 /28.2.17 പ്രകാരം പിൻവലിച്ച് NEFT മുഖേന മാനേജിംഗ് ഡയറക്ടർ, ഹോംകോ, ആലപ്പുഴ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും മരുന്നുകൾ ലഭ്യമായിട്ടില്ല. ഓഡിറ്റ് എൻക്വയറി - 02/16-17 /1.8.2017 ന് നിർവഹണോദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-11 ക്ഷീരകർഷകർക്ക് സബ്സിഡി-തുക പൂർണ്ണമായും വിതരണം ചെയ്തില്ല.

2016-17 വർഷം സീനിയർ വെറ്ററിനറി സർജൻ നടപ്പാക്കിയ ക്ഷീരകർഷകർക്ക് സബ്സിഡി-തുക പൂർണ്ണമായും വിതരണം ചെയ്തില്ല.പ്രോജക്ടിന് വേണ്ടി പിൻവലിച്ച തുകയുടെ വിനിയോഗവിവരം ഇല്ല.വിശദവിവരങ്ങൾ ചുവടെചേർക്കുന്നു

പ്രോജക്ട് നമ്പർ-72/17

പ്രോജക്ട്- ക്ഷീരകർഷകർക്ക് സബ്സിഡി

അടങ്കൽ- 2390200

ഫണ്ട്- വികസനഫണ്ട്

ചെലവഴിച്ച തുക-2390200- പഞ്ചായത്ത് വിഹിതം-1390200,
ജില്ലാപഞ്ചായത്ത് വിഹിതം-1000000

ബിൽ നമ്പർ-7/16-17/31.3.17- 1390200

ട്രഷറി ചെക്ക് നമ്പർ- 0762162/31.3.17 -1000000

നിർവഹണം- സീനിയർ വെറ്ററിനറി സർജൻ

പിൻവലിച്ച തുക നാളിതുവരെയും കർഷകരുടെ അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്യുകഴിഞ്ഞിട്ടില്ല. തുക ബാങ്കിലേക്ക് നൽകിയെങ്കിലും മുഴുവൻ ക്രഡിറ്റ് ചെയ്യാൻ കഴിഞ്ഞില്ല എന്നാണ് നിർവഹണോദ്യോഗസ്ഥൻ അറിയിച്ചത്. ഓഡിറ്റ് എൻക്വയറി നമ്പർ-8/16-17/4.8.2017പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. 2390200/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കർഷകരുടെ അക്കൗണ്ടിൽ തുക മുഴുവനായും ക്രെഡിറ്റ് ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-12 തെരുവുനായ നിയന്ത്രണം ,എ.ബി.സി പ്രോഗ്രം- പിൻവലിച്ച തുകയുടെ വിനിയോഗവിവരം ഇല്ല.

2016-17 വർഷം സീനിയർ വെറ്ററിനറി സർജൻ നടപ്പാക്കിയ തെരുവുനായ നിയന്ത്രണം, എ.ബി.സി പ്രോഗ്രംപ്രോജക്ടിന് വേണ്ടി പിൻവലിച്ച തുകയുടെ വിനിയോഗവിവരം ഇല്ല.വിശദവിവരങ്ങൾ ചുവടെചേർക്കുന്നു

പ്രോജക്ട് നമ്പർ-71/17

പ്രോജക്ട്- തെരുവുനായ നിയന്ത്രണം ,എ.ബി.സി പ്രോഗ്രം

അടങ്കൽ-200000

ഫണ്ട്- വികസനഫണ്ട്

ചെലവഴിച്ച തുക-200000

ബിൽ നമ്പർ-4/16-17/31.3.17

നിർവഹണം- സീനിയർ വെറ്ററിനറി സർജൻ

പിൻവലിച്ച തുക ജില്ലാപഞ്ചായത്തിന്റെ ടി.എസ്.ബി അക്കൌണ്ടിൽ ഡെപ്പോസിറ്റ് ചെയ്തുവെങ്കിലും നൽകിയ തുക വിനിയോഗിച്ചതിന്റെ യാതൊരു രേഖകളും ഫയലിൽ ഇല്ല.ഓഡിറ്റ് എൻക്വയറി നമ്പർ-7/16-17/4.8.2017 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയില്ല. വിനിയോഗ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ശുചിത്വമിഷൻ | 288000 | വ്യക്തിഗത കക്കൂസ് നിർമ്മാണം | 288000 | 0 |
| ജില്ലാ പഞ്ചായത്ത് | 291480 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം 51/17 | 270228 | 21252 |
| | 601608 | നെൽകൃഷി പ്രോത്സാഹനം 137/17 | 601608 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 1000000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-72/17 | 1000000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | ഡെപ്പോസിറ്റ് ചെയ്ത തുക | അഭിപ്രായം |
|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ശങ്കരാലയം കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 200000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| KSEB | എസ്.ടി.വീട് വയറിംഗ് | 200000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |

ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ(എം.എസ്) 222/2010യതസ്വഭവ തീയതി: 21.01.2010 | 27208500 | 6782495 | 1924850 | 0 | 4857645 |
| ഭവനനിർമ്മാണം -അനുഗ്രഹ ഭവന പദ്ധതി | സ.ഉ(എം.എസ്) 83/13 തീയതി 11.3.13 | 10220000 | 0 | 289233 | 311297 | 993076 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷം | 2016-17 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 271420 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 271420 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 271420 |

വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ട്രഷറി സേവിംഗ്സ് ബാങ്ക് ,സബ് ട്രഷറി പുൽപ്പള്ളി<br>(SB/TD/Ano :350161/1134/30.10.2010) | 271420 |

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമനമ്പർ | റിപ്പോർട്ട് | ഖണ്ഡിക നമ്പർ | വിഷയം | തുക | ഈടാക്കിയ രശീത് നമ്പർ |
|---|---|---|---|---|---|
| 1 | 2013-14 | 3-4 | എസ്.സി. ഭവനപുനരുദ്ധാരണം | 5000 | 11601100731/18.7.16 |
| 2 | 2007-08 | 3-19 | എച്ച് .ആർ.എ.അധികം നൽകിയത് | 825 | 11601101566/13.12.16 |
| | | | | 751 | 11601101768/19.1.17 |
| | | | | 195 | 11601101769/19.1.17 |
| | | | | 300 | 11601101770/19.1.17 |
| | | | ആകെ | 7071 | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം ,ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1998-99 -38(1) | 2002-03 , VII-1.12.3 iii | വിനോദ നികുതി - ബാക്കി ടിക്കറ്റുകൾ തിരിച്ചേൽപ്പിക്കാത്തതുമൂലം നഷ്ടം | പലിശയിനത്തിൽ അടവ് വരാത്ത തുകയുടെ പലിശകൂടി ഈടാക്കുന്നതിനുള്ള നടപടിക്കായി വൈത്തിരി തഹസിൽദാർ കത്ത് നൽകിയിട്ടുണ്ട് |
| 1998-99 39 | 2002-03 , VII-1.12.3 iv | മണൽ വിൽപനയിലെ ക്രമക്കേടുകൾ - വൻനഷ്ടം | ഉത്തരവാദിയായ സെക്രട്ടറി ശ്രീ .കെ.എം രവീന്ദ്രൻ ഡബ്ല്യു.പി.സി 37588/2008 നമ്പറായി |

| | | | |
|---|---|---|---|
| | | | ഹൈക്കോടതിയിൽ കേസാ ഫയൽ ചെയ്യുകയും ടി കേസ് ട്രൈബ്യൂണിലിലേക്ക് മാറ്റി. |
| 1998-99<br>49 | 2002-03 , VII-1.12.3 iv | കർഷക തൊഴിലാളി പെൻഷൻ തിരിച്ചുവന്ന തുക ബന്ധപ്പെട്ട ഫണ്ടിൽ<br>അടച്ചില്ല | ഉത്തരരവാദിയായ ശ്രീ.കേശവൻ സെക്രട്ടറിക്കെതിരായി<br>ആർ.ആർ നടപടി ത്വരിതപ്പെടുതിഉന്നതിന് വൈത്തിരി തഹസിൽദാർക്ക് കത്ത് നൽകി |
| 1998-99<br>51 | 2002-03 , VII-1.12.3 v | ചെറ്റപ്പാലം -സീതാമൗണ്ട് റോഡ് - തുക അധികം നൽകി | ആർ.ആർ നടപടിക്കെതിരെ ബന്ധപ്പെട്ട സെക്രട്ടറി<br>ശ്രീ.കേശവൻ ജില്ലാകോടതിയിൽ ഒ.പി 34/2011 നമ്പറായി ഫയൽ ചെയ്ത കേസ് 17.06.2016 ലെ ഒ.പി (ലോക്കൽ ഫണ്ട് ഓഡിറ്റ് ) 34/2011 പ്രകാരം കേസ് തള്ളിയതിനാൽ ആർ .ആർ നടപടി തുടരുന്നതിന് വൈത്തിരി തഹസിൽദാർക്ക് കത്ത് നൽകി |
| 1998-99<br>54 | 2002-03 , VII-1.12.3 vi | മുള്ളൻകൊല്ലി -ആലത്തൂർ -പാടിച്ചിറ കബനിഗിരി -മരക്കടവ് റോഡ് ടാറിംഗ് - തുക അധികം നൽകിയത് അനുവദിക്കുന്നില്ല | സെക്രട്ടറി<br>ശ്രീ.കേശവനിൽ നിന്നും തുക ഈടാക്കു ന്നതിനുള്ള റവന്യൂ റിക്കവറി നടപടി സ്വീ കരിക്കുന്നതിന് ഓൺ ലൈൻ റിക്വിസിഷൻ ജില്ലാ കളക്ടർക്ക് 17.08.2012ന്ആർ.ആർ /2012/1057/12 സമർ പ്പിച്ചു . |
| 1999-2000 | 2003-04<br>3.12.3vi | തൊഴിൽ നികുതി കുടിശ്ശിക ഈടാക്കിയില്ല – തൊഴിൽ നികുതി കുടിശ്ശിക പിരിവിൽ അലംഭാവം | ഈ കാലഘട്ടത്തിൽ ഓഫീസിൽ ജോലി ചെയ്തിരുന്ന ജീവനക്കാ രുടെ ബാധ്യത തിട്ട പ്പെടുത്തി നൽകിയതി ൽ ശ്രീ ശിശുപാലൻ,<br>സിപത്മനാഭൻ സെക്ര<br>ട്ടറി എന്നിവർ 6337/-<br>രൂപ അടച്ചു . ശ്രീ കെ. എം രവീന്ദ്രൻ കൽപ്പറ്റ<br>ജില്ലാ കോടതിയിൽ |

| | | | |
|---|---|---|---|
| | | | ഫയൽ ചെയ്ത കേസ്<br>ഡിസ്മിസ് ചെയ്യതായി 28.03.2014 ഉത്തരവാ<br>യി . നോട്ടീസ് നൽകി<br>യവരിൽ 5 പേർ ബാധ്യതയിൽ നിന്ന്<br>ഒഴിവാക്കിത്തരണമെ<br>ന്ന് അഭ്യർത്ഥിച്ച് മറുപടി നൽകിട്ടുണ്ട്. |
| 2000-01<br>10 | 2003 -04<br>3.12.1 | ഇന്ദിര വികാസ് പത്ര<br>10000/- രൂപ<br>അപഹരിച്ചു | ശ്രീ . അബ്ദുൾറഹിമാ<br>ൻ സെക്രട്ടറിക്കെതി<br>രെ റവന്യൂ റിക്കവറി<br>നടപടികൾക്കായി gov . in എന്ന എക്സ് റ്റൻഷൻ ഇമെയിൽ<br>ഐ.ഡി നൽകുന്നതി ന് ആവശ്യപ്പെട്ടതനു<br>സരിച്ച് 30.12.2015 ൽ എൻ .ഐ .സി ക്കും 13.07.2016 ന് കേരള<br>ഐ .ടി മിഷനും gov . in എന്ന എക്സ്റ്റൻഷൻ ഇമെയിൽ ഐ.ഡി ല<br>ഭ്യമാക്കുന്നതിനായി കത്ത് നൽകിയിരു<br>ന്നെങ്കിലും നാളിതു<br>വരെ ലഭ്യമായിട്ടില്ല . |
| 2000-01<br>23(A)-<br>24(1),24(2) | 2003-04<br>3.12.1.3 | പെൻഷൻ വേതന തുകകൾ അപഹരിച്ചു | ശ്രീ . അബ്ദുൾറഹിമാ<br>ൻ സെക്രട്ടറിക്കെതി<br>രെ റവന്യൂ റിക്കവറി<br>നടപടികൾക്കായി gov . in എന്ന എക്സ് റ്റൻഷൻ ഇമെയിൽ |

| | | | |
|---|---|---|---|
| | | | ഐ.ഡി നൽകുന്നതി ന് ആവശ്യപ്പെട്ടതനു സരിച്ച് 30.12.2015 ൽ എൻ .ഐ .സി ക്കും 13.07.2016 ന് കേരള ഐ .ടി മിഷനും gov . in എന്ന എക്സ്റ്റൻഷൻ ഇമെയിൽ ഐ.ഡി ല ഭ്യമാക്കുന്നതിനായി കത്ത് നൽകിയിരു ന്നെങ്കിലും നാളിതു വരെ ലഭ്യമായിട്ടില്ല . |
| 2001-02 14 | 3.12.1.3.4 | മരാമത്ത് വേലയ്ക്ക് അവസാന ബിൽ തീ ർപ്പാക്കിയ ശേഷം ചെലവ് | ആർ .ആർ നടപടി ക്കെതിരെ സെക്രട്ടറി ശ്രീ.കെ.എം.രവീന്ദ്രൻ ജില്ലാകോടതിയിൽ ഡബ്ല്യു . പി . സി 12731/2009(ജെ) നമ്പറായി കേസ് ഫയൽ ചെയ്യുകയും, റവന്യൂ റിക്കവറി നടപടി 24.04.2009 ലെ ഉത്തരവ് പ്രകാരം ഹൈക്കോടതി സ്റ്റേ ചെയ്തു.കേസ് ടി.എ.എൻ .ഒ 6271/2011 ഫയലിൽ ട്രൈബ്യൂണിലിലേക്ക് മാറ്റി. |
| | 3.12.1.3.5 | സഹകരണ സംഘ ത്തിന് ലാഭകരമായി ടെണ്ടർ അധികം നൽകി | ശ്രീ . അബ്ദുൾറഹിമാ ൻ സെക്രട്ടറിക്കെതി രെ റവന്യൂ റിക്കവറി നടപടികൾക്കായി gov . in എന്ന എക്സ്റ്റൻഷൻ ഇമെയിൽ ഐ.ഡി നൽകുന്നതി ന് ആവശ്യപ്പെട്ടതനു സരിച്ച് 30.12.2015 ൽ എൻ .ഐ .സി ക്കും 13.07.2016 ന് കേരള ഐ .ടി മിഷനും gov . in എന്ന എക്സ്റ്റൻഷൻ ഇമെയിൽ ഐ.ഡി |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നതിനായി കത്ത് നൽകിയിരുന്നെങ്കിലും നാളിതു<br>വരെ ലഭ്യമായിട്ടില്ല . |
| 2001-02<br>3-7 | 2005-06<br>2.83.2 | തൊഴിൽരഹിത വേതന വിതരണം - ബാക്കി തുക തിരികെ ഒടുക്കിയില്ല | ഉത്തരവാദിയായ സെക്രട്ടറി ശ്രീ . അബ്ദുൾറഹ്മാൻ എന്ന<br>വരിൽ നിന്നും റവന്യൂ<br>റിക്കവറി നടപടി സ്വീ<br>കരിക്കുന്നതിന് യൂസർ<br>ഐ.ഡി യും , പാസ്<br>വേഡും അയച്ച തരുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക്<br>അപേക്ഷ സമർപ്പിച്ചു |
| 2001-02<br>3-8 | 2005-06<br>2.83.2 | രേഖയില്ലാത്ത ചെലവ് | റവന്യൂ റിക്കവറി നട പടിക്കെതിരെ സെക്ര ട്ടറി ശ്രീ.കെ. എം. രവീന്ദ്രൻ ജില്ലാ കോടതിയിൽ ഡബ്ല്യൂ . പി.സി 12731/2009<br>(ജെ) നമ്പറായി കേസ് ഫയൽ ചെയ്തു. കേസ്<br>ട്രൈബ്യൂണലിലേക്ക് മാറ്റി. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 95665544രൂപ |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 82177270രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4848345 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 67361 | ഡോ.അബ്ദുറഹിമാൻകുട്ടി.വി.<br>മെഡിക്കൽ ഓഫീസർ |
| 3-4 | 58640 | ഡോ.അബ്ദുറഹിമാൻകുട്ടി.വി.<br>മെഡിക്കൽ ഓഫീസർ |
| 3-6 | 430536 | ശ്രീ .ഫ്രാൻസിസ് ജോസഫ്<br>അഗ്രികൾച്ചർ ഓഫീസർ |
| 3-7 | 800000 | ശ്രീ .ഫ്രാൻസിസ് ജോസഫ്<br>അഗ്രികൾച്ചർ ഓഫീസർ |
| 3-8 | 1101608 | ശ്രീ .ഫ്രാൻസിസ് ജോസഫ്<br>അഗ്രികൾച്ചർ ഓഫീസർ |
| 3-11 | 2390200 | ഡോ.ഹാരിഫ്<br>വെറ്ററിനറി സർജൻ |
| ആകെ | 4848345 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

നഷ്ടം പ്രതിപാദിച്ചിട്ടില്ല.

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ് (ഡബ്ല്യു).പി3/516 തീയതി 3.7.98 |
| 1997-98 | എൽ.എഫ്(ഡബ്ല്യു).പി1/109/09തീയതി 5.2.09 |
| 1998-99 | എൽ.എഫ്(ഡബ്ല്യു).പി3/674/00തീയതി 29.11.02 |
| 1999-00 | എൽ.എഫ് (ഡബ്ല്യു).പി3/84/00തീയതി 6.8.03 |
| 2000-01 | എൽ.എഫ് (ഡബ്ല്യു).പി1/753/10 തീയതി 12.11.10 |
| 2001-02 പ്ലാൻ | എൽ.എഫ് (ഡബ്ല്യു).പി3/103/04 തീയതി 3.8.06 |
| 2001-02 | എൽ.എഫ് (ഡബ്ല്യു).പി1/254/06 തീയതി 26.2.08 |
| 2002-03 | എൽ.എഫ് (ഡബ്ല്യു).പി1/745/10 തീയതി 12.11.10 |
| 2003-04 | എൽ.എഫ് (ഡബ്ല്യു).പി1/501/10 തീയതി 12.11.10 |
| 2004-05 | എൽ.എഫ് (ഡബ്ല്യു).പി1/748/10 തീയതി 12.11.10 |
| 2005-06 | എൽ.എഫ് (ഡബ്ല്യു).പി1/699/10 തീയതി 28.10.10 |
| 2006-07 | എൽ.എഫ് (ഡബ്ല്യു).പി1/260/14 തീയതി 22.8.14 |
| 2007-08 | എൽ.എഫ് (ഡബ്ല്യു).പി1/613/10 തീയതി 12.11.10 |
| 2008-09 | എൽ.എഫ് (ഡബ്ല്യു).പി1/622/10 തീയതി 26.3.13 |
| 2009-10 | എൽ.എഫ് (ഡബ്ല്യു).പി1/374/10 തീയതി 5.9.12 |
| 2010-11 | എൽ.എഫ് (ഡബ്ല്യു).പി1/507/13 തീയതി 3.4.14 |
| 2011-12 | എൽ.എഫ് (ഡബ്ല്യു).പി1/370/14 തീയതി 23.8.14 |
| 2012-13 | എൽ.എഫ് (ഡബ്ല്യു).പി1/824/14 തീയതി 17.12.14 |
| 2013-14 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി3-481/15തിയ്യതി 11/2015 |
| 2014-15 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി3-441/16തിയ്യതി 13/7/2016 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി)പി3-574/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം വയനാട്, കൽപ്പറ്റ. പിൻ -673121

തിയ്യതി : 05/10/2017

Phone- 04936 203672

Email- dowyd.ksad@kerala.gov.in

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് വകുപ്പ് നിയമത്തിൻെറ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വയനാട് ജില്ലയിലെ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൻെറ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എൻെറ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എൻെറ അഭിപ്രായത്തിൽ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൻെറ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്

AUDIT CERTIFICATE

No. KSA.(WYD)/P3-574/17

Kerala State Audit Department

District Audit Office Wayanad, Kalpetta-673121

Phone: 04936-203672

Dated05/10/2017.

Email- dowyd.ksad@kerala.gov.in

CERTIFICATE

Certified that I have examined the Annual Financial Statement of Mullenkolly Grama Panchayat in Wayanad District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj institutions.

In my opinion, the financial statements of Mullenkolly Gramapanchayat for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

Deputy Director

District office, Wayanad.